LIBRARY ARCHIVES Kerala Legislative Assembly

പ്രതികളെ ജയിലിൽനിന്ന് കോടതികളിലേക്ക് കൊണ്ടുപോകുമ്പോൾ പാലിക്കപ്പെടേണ്ട നടപടിക്രമങ്ങൾ

87 (4522) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിമാന്റിൽ കഴിയുന്ന പ്രതികളെ ജയിലിൽനിന്ന് കോടതികളിലേക്ക് കൊണ്ടുപോകുമ്പോൾ പാലിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ജയിലിൽനിന്ന് കോടതികളിലേക്ക് കൊണ്ടുപോകുമ്പോഴും തിരിച്ചുകൊണ്ടുവരുമ്പോഴും പ്രതികളുടെ കൈകളിൽ വിലങ്ങുവെയ്ക്കുവാൻ അനുവദിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ;

(സി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ റിമാന്റിൽ കഴിയുന്ന വിദ്യാർത്ഥി നേതാക്കളെ കോടതിയിൽ കൊണ്ടുപോയപ്പോൾ കൈകളിൽ വിലങ്ങ് വച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(ഡി) വിലങ്ങ് വയ്ക്കുന്നതിന് ഉത്തരവ് കൊടുത്തത് ആരാണ് ; ഇതിനായി കോടതിയുടെ അനുമതി വാങ്ങിയിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(ഇ) എത്ര വിദ്യാർത്ഥി നേതാക്കളെയാണ് ഇപ്രകാരം കോടതിയിൽ കൊണ്ടുവരുമ്പോൾ കൈയാമം വച്ചത് ; ഇവരെ കൈയാമംവച്ച പോലീസുകാർ ഏതെല്ലാം സ്റ്റേഷനുകളിൽപ്പെട്ടവരാണെന്നും അവരുടെ പേരുവിവരവും വെളിപ്പെടുത്താമോ ;

(എഫ്) ഇപ്രകാരം ചെയ്ത നടപടി ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ജയിലിൽനിന്നും പ്രതികളെ കോടതികളിൽ ഹാജരാക്കുന്നതിന് പോലീസ് എസ്കോർട്ട് ആവശ്യപ്പെടുകയും ആയത് ലഭ്യമാകുന്നമുറയ്ക്ക് വാറണ്ടുസഹിതം പ്രതികളെ എസ്കോർട്ട് പാർട്ടിക്ക് കൈമാറുകയും ചെയ്യുന്നു. തടവുചാടിയിട്ടുള്ള പ്രതികളോ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ കേസുകളുള്ള സ്ഥിരം കുറ്റവാളികളോ ആണെങ്കിൽ സ്ട്രോങ് എസ്കോർട്ട് ആവശ്യപ്പെടാറുണ്ട്. കൂടാതെ സമരക്കാരായ പ്രതികൾക്കും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനായിട്ട് സ്ട്രോങ് എസ്കോർട്ട് ആവശ്യപ്പെടുന്നുണ്ട്.

(ബി) റിട്ട് പെറ്റീഷൻ (സിവിൽ) 22/95 പ്രകാരമുള്ള ജഡ്ജ്മെന്റ്, പോലീസ് സ്റ്റാൻഡിംഗ് ഓർഡർ എന്നീ ഉത്തരവുകൾക്കു വിധേയമായി ജയിലുകളിൽ നിന്ന് പ്രതികളെ കോടതികളിലേക്ക് കൊണ്ടുപോകുമ്പോഴും തിരിച്ചുവരുമ്പോഴും വിലങ്ങുവെയ്ക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

(സി) വിലങ്ങ് വച്ചിരുന്നു.

(ഡി) പ്രാഥമികാന്വേഷണത്തിൽ കൈവിലങ്ങ് വയ്ക്കുന്നതിന് കോടതിയുടെ മുൻകൂർ അനുമതി തേടിയിട്ടില്ലായിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലേ ആരെങ്കിലും നിർദ്ദേശം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഇ) അഞ്ചു വിദ്യാർത്ഥികളെയാണ് കൈയാമം വച്ചത്. ഇവരെ കൈയാമം വച്ച പോലീസുകാർ തിരുവനന്തപുരം സിറ്റി എ.ആർ. ക്യാമ്പിലെ എച്ച്.സി.-മാരായ ദിവാകരൻ, ജയരാജ്, പോലീസ് കോൺസ്റ്റബിൾമാരായ മനു, ഗിരീശൻ, റോയ് എന്നിവരാണ്.

(എഫ്) തിരുവനന്തപുരം സെൻട്രൽ ജയിലിൽ റിമാന്റിൽ കഴിയുന്ന വിദ്യാർത്ഥി നേതാക്കളെ കോടതിയിൽ കൊണ്ടുപോയപ്പോൾ കൈയിൽ വിലങ്ങു വച്ചിരുന്നത് സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടില്ല.

ജയിലുകളിലെ ഭക്ഷണനിരക്ക്

88 (4523) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഇന്ന് നൽകിവരുന്ന ഭക്ഷണം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി ഒരാൾക്ക് ഒരു ദിവസം എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഏത് വർഷമാണ് ഈ നിരക്ക് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) തടവുകാർക്ക് രാവിലെയും വൈകിട്ടും 30 മി.ലി. വീതം പാൽ (ആകെ 60 മി.ലി.) ചേർത്ത് ചായ നൽകുന്നു. ഇതിനുപുറമേ രാവിലെ 200 ഗ്രാം ഗോതമ്പിന്റെ ചപ്പാത്തി (ഇല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലോ) തേങ്ങാ ചമ്മന്തിയോടൊപ്പം നൽകുന്നു. ഉച്ചയ്ക്ക് 250 ഗ്രാം അരിയുടെ ചോറും കറിയായി 55 മി.ലി. തൈരും ആഴ്ചയിൽ മൂന്നു ദിവസം സാമ്പാർ, രണ്ടുദിവസം മീൻകറി, ഒരുദിവസം ആട്ടിറച്ചി, 57 ഗ്രാം ഉരുളക്കിഴങ്ങിനോടൊപ്പം ഒരു ദിവസം പയർകറി (മത്സ്യം, ഇറച്ചി ഇവ കഴിക്കാത്തവർക്ക് പകരം 350 ഗ്രാം പച്ചക്കറി) എന്ന നിരക്കിലും വൈകിട്ടും എല്ലാ ദിവസും 200 ഗ്രാം അരിയുടെ ചോറും ആഴ്ചയിൽ മൂന്നു ദിവസം 170 ഗ്രാം ഉണക്കക്കപ്പ, അല്ലെങ്കിൽ 340 ഗ്രാം പച്ചക്കപ്പ, 57 ഗ്രാം ചെറുപയർ ചേർത്ത കറിയും നാലു ദിവസം കുമ്പളങ്ങ, മത്തങ്ങ, ഏത്തക്കാ വാഴയ്ക്കാ, ചേന, ചേമ്പ് തുടങ്ങിയവ ഉൾപ്പെട്ട 312 ഗ്രാം വെജിറ്റബിൾ 28 ഗ്രാം

LIBRARY ARCHIVES Kerala Legislative Assembly